**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2789** **13-12-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നടപ്പ സാമ്പത്തിക വർഷം കയർ മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് മാറ്റിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കയർ മേഖലയ്ക്ക് നടപ്പ സാമ്പത്തിക വർഷം 117 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കയർ മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും മാറ്റിവച്ചിരിക്കുന്ന തുകയും ചുവടെ ചേർക്കുന്നു. -<br><br>1. വിപണനം, പരസ്യപ്രചാരണ വ്യാപാര എക്സിബിഷനുകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം - 1000 ലക്ഷം<br><br>2. കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യ വിഹിതം) - 900 ലക്ഷം<br><br>3. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം - 800 ലക്ഷം.<br><br>4. കയർ ഭൂവസ്ത്ര വികസന പരിപാടി - 100 ലക്ഷം<br><br>5. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും - 3200 ലക്ഷം<br><br>6. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും - 300 ലക്ഷം.<br><br>7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ) - 400 ലക്ഷം + 300 ലക്ഷം ( റീ-അപ്രോപ്രിയേഷൻ)<br><br>8. ക്രയവില സ്ഥിരതാ പദ്ധതി- 3800 ലക്ഷം<br><br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസനവും തൊണ്ടു ശേഖരണ പരിപാടിയും - 134 ലക്ഷം.<br><br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം - 15 ലക്ഷം. |

| | | | |
|---|---|---|---|
| | | | 11. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം - 1000 ലക്ഷം<br><br>12. കയർ രണ്ടാം പുന:സംഘടന - 1 ലക്ഷം. |
| (ബി) | കയറുൽപ്പന്നങ്ങളുടെ വിലസ്ഥിരത ഫണ്ടിനായി എത്ര തുകയാണ് മാറ്റി വച്ചിരിക്കുന്നതെന്നും ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | കയറുല്പന്നങ്ങളുടെ വില സ്ഥിരതാ ഫണ്ടിനായി 2022-23 വർഷം ആകെ 38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 24,91,82,524/- രൂപ ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ